**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1007** **30-06-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ തീരസംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലം രൂക്ഷമായ കടലാക്രമണവും വേലിയേറ്റം മൂലമുള്ള ബുദ്ധിമുട്ടുകളും നേരിടുന്ന സാഹചര്യത്തിലും കടൽ തീരവും പുഴകളുടെയും കായലുകളുടെയും തീരവും കെട്ടി സംരക്ഷിക്കുന്നതിന് യാതൊരു നടപടികളും സ്വീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വിദഗ്ധ പഠനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിട്ടിയുള്ള ഹോട്ട്സപോട്ടുകളിൽ വൈപ്പിൻകര ഉൾപ്പെട്ടിട്ടില്ലായെങ്കിലും കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വൈപ്പിൻ മണ്ഡലത്തിന്റെയും ദ്വീപ് നിവാസികളുടെയും സുരക്ഷയ്ക്കായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (ബി) | മൺസൂൺ മുന്നൊരുക്കത്തിന്റെ ഭാഗമായി ജി.ഒ(ആർ.റ്റി) നം. 418/2022/ജ.വി.വ. തീയതി. 19/05/2022 പ്രകാരം എറണാകുളം ജില്ലയ്ക്ക് 20 ലക്ഷം രൂപ അടിയന്തിര കടലാക്രമണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ചിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് 17.55 ലക്ഷം രൂപയുടെ 4 പ്രവൃത്തികൾ വൈപ്പിൻ പ്രദേശത്ത് ഏറ്റെടുക്കുകയും പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. വൈപ്പിൻ തീരപ്രദേശത്ത് അനുയോജ്യമായ സുസ്ഥിര നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബാറ്റിമെട്രിക് സർവ്വെ നടത്തുന്നതിനായുള്ള 29.90 ലക്ഷം രൂപയുടെ പദ്ധതിയുടെ ടെണ്ടർ നടപടികളും പുരോഗമിച്ചു വരുന്നു. വൈപ്പിൻ നിയോജക മണ്ഡലത്തിലെ അനുമതി ലഭിച്ച 48 ലക്ഷം രൂപയുടെ ഒരു പുലിമുട്ടിന്റെ പ്രവൃത്തിയും രണ്ട് കടൽഭിത്തികളുടെ പുനരുദ്ധാരണ പ്രവൃത്തി കളും പലതവണ ടെണ്ടർ നടപടികൾ സ്വീകരിക്കുകയും, ക്വട്ടേഷൻ വഴി നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്തിരു ന്നെങ്കിലും കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുത്തിട്ടില്ല. ചെറായിപുഴയുടെ സംരക്ഷണത്തിനായി 22.10 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (സി) | തീര സംരക്ഷണവുംനിയോജക ദ്വീപ് നിവാസികളുടെ സുരക്ഷയും സംബന്ധിച്ച് പഠന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് ഏതെന്നും ആയത് നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും വിശദമാക്കാമോ ; | (സി) | 2008-ലെ ഐ.ഐ.ടി പഠന റിപ്പോർട്ട് നിലവിലുണ്ടെങ്കിലും കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും മൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കുവാൻ സുസ്ഥിരമായ നൂതന പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കേണ്ട തായിട്ടുണ്ട്. ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനു വേണ്ടി NCCR എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന പത്ത് പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തിരഞ്ഞെടുക്കുക യുണ്ടായി. NCCR പഠനം നടത്തുവാൻ ഉദ്ദേശിക്കുന്ന ഹോട്ട് സ്പോട്ടുകളുടെ പട്ടികയിൽ വൈപ്പിൻ പ്രദേശം ഉൾപ്പെട്ടിട്ടില്ല. എന്നാൽ കാലാവസ്ഥാ വ്യതിയാനം മൂലം വൈപ്പിൻ നിവാസികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരു വിദഗ്ധ ഏജൻസിയെ ഉപയോഗിച്ചുകൊണ്ടുള്ള പഠനം നടത്തുന്നത് പരിഗണിക്കാവുന്നതാണ്. |
| (ഡി) | വൈപ്പിൻകരയിൽ മത്സ്യഗ്രാമത്തിനും തീരസംരക്ഷണത്തിനുമായി സ്പെഷ്യൽ പാക്കേജ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ